"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് - IAY ഭവന നിർമ്മാണ പദ്ധതിയിൽ അംഗവൈകല്യമുള്ള ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കായി 1,07,069/-രൂപ (ഒരു ലക്ഷത്തി ഏഴായിരത്തി അറുപത്തി ഒൻപത് രൂപ മാത്രം) അധികസഹായം നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(എഎ)വകുപ്പ്**

സ.ഉ.(സാധാ) നം.2429/2024/LSGD തീയതി,തിരുവനന്തപുരം, 11-12-2024

---

പരാമർശം:- 1. 29/07/2009 ലെ സ.ഉ.(കൈ) 146/2009/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.09.2024 ലെ LSGD/PD/29607/2024-AM3 നമ്പർ കത്ത്

**ഉത്തരവ്**

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "IAY ഭവന നിർമ്മാണ പദ്ധതി"-യിൽ അംഗവൈകല്യമുള്ള ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് 1,07,069/-രൂപ (ഒരു ലക്ഷത്തി ഏഴായിരത്തി അറുപത്തി ഒൻപത് രൂപ മാത്രം) അധികസഹായം നൽകിയ നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുകയുണ്ടായി. സർക്കാർ സാധൂകരണം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണെന്ന് ഓഡിറ്റ് വകുപ്പ് പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും, അതിനാൽ അധിക തുക ചെലവ് ചെയ്ത നടപടി സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(2) പ്രകാരം അപേക്ഷ ലഭ്യമാക്കുകയുണ്ടായി.

2. 2010-11 സാമ്പത്തിക വർഷത്തിൽ ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് IAY വിഹിതം 48,500/- രൂപ , ഗ്രാമ പഞ്ചായത്ത് വിഹിതം 6,625/- രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 13,250/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 6,625/- രൂപ ഉൾപ്പെടെ 75,000/- രൂപ ആണ് അനുവദിച്ചിട്ടുള്ളത്. പരാമർശം(1) പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായിട്ടുള്ള പൊതുവിഭാഗം കുടുംബത്തിന് 1,00,000/- രൂപ ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുണ്ട്. പദ്ധതി രൂപീകരണ സമയത്ത് ജനറൽ വിഭാഗത്തിന് ഉള്ള സബ്സിഡിയായാണ് പദ്ധതിയിൽ ഉൾപെടുത്തിയിരുന്നത്. പ്രത്യേക ധനസഹായ ഇനത്തിൽ അധികമായി നൽകിയ 25,000/-രൂപയുടെ സാമ്പത്തിക സ്രോതസ്സ് ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം അധികം അനുവദിക്കേണ്ട തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ വകയിരുത്തിയിരുന്നു. എന്നാൽ IAY ഭവന നിർമ്മാണ പദ്ധതി തുടങ്ങിയ 1995 മുതൽ ഉള്ള കാലയളവിൽ തദ്ദേശ സ്ഥാപനങ്ങൾ വഴി ലഭിച്ച ഫണ്ട് - IAY പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. പ്രസ്തുത അക്കൗണ്ടിൽ ഗ്രാമപഞ്ചായത്ത് അനുവദിച്ച IAY

ഗുണഭോക്താക്കളിൽ Agreement വക്കാത്ത ഗുണഭോക്താക്കൾക്കുള്ള തുകയും പലിശ ഇനത്തിലുള്ള തുകയും ഉൾപ്പെടും. ആയതിനാൽ അധികം നൽകേണ്ട 25,000/- ഉൾപ്പെടുത്തി പ്രോജക്റ്റ് പുതുക്കിയാൽ ടി തുക കൂടി ഈ അക്കൗണ്ടിൽ എത്തുന്ന സാഹചര്യം ഉണ്ടാകുന്നു. പ്രസ്തുത അക്കൗണ്ടിൽ മതിയായ തുക ഉള്ളതു കൊണ്ടാണ് പ്രൊജക്ട് പുതുക്കാതിരുന്നത് എന്നും പ്രസ്തുത അക്കൗണ്ടിലെ തുക PMAY പദ്ധതിയ്ക്ക് വേണ്ടി 2022-23 കാലഘട്ടത്തിൽ ഉപയോഗപ്പെടുത്തുകയും, കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം ഗുണഭോക്താക്കളെല്ലാം തന്നെ ഭവന നിർമ്മാണം പൂർത്തീകരിച്ച് താമസിച്ചു വരുന്നു എന്നും പ്രൊജക്ട് വഴിയുള്ള ലക്ഷ്യം പൂർത്തീകരിച്ച സാഹചര്യത്തിൽ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്കു നൽകിയ 1,07,069/-രൂപ (ഒരുലക്ഷത്തി ഏഴായിരത്തി അറുപത്തിയൊമ്പത് രൂപ മാത്രം) യുടെ അധിക ആനുകൂല്യം സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3 . ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയുടെയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത നടപടിയ്ക്ക് സാധൂകരണം നൽകുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്ത് ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയും തിരുമാനിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1) ലെ ഉത്തരവ് പ്രകാരം ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായിട്ടുള്ള പൊതുവിഭാഗം കുടുംബത്തിന് 1,00,000/- രൂപ ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുണ്ട് എന്നതിനാലും, സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്കാണ് സഹായം ലഭ്യമായത് എന്നത് പരിഗണിച്ചും ഗുണഭോക്താക്കളെല്ലാം തന്നെ ഭവന നിർമ്മാണം പൂർത്തീകരിച്ച് താമസിച്ചു വരുന്നു എന്നതിനാലും പ്രൊജക്ട് വഴിയുള്ള ലക്ഷ്യം പൂർത്തീകരിച്ച സാഹചര്യത്തിലും അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "IAY ഭവന നിർമ്മാണ പദ്ധതി" -യിൽ അംഗവൈകല്യമുള്ള ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കായി 1,07,069/- രൂപ (ഒരു ലക്ഷത്തി ഏഴായിരത്തി അറുപത്തി ഒൻപത് രൂപ മാത്രം) അധികസഹായം നൽകിയ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reji R S
Date: 11-12-2024 14:05:50